## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച നിർമ്മാണങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1724 — 31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, റോജി എം. ജോൺ<br>,, കെ.മുരളീധരൻ<br>,, ഹൈബി ഈഡൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾ പിഴ ചുമത്തി സാധൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുത്തതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ധാരാളം അനധികൃത കെട്ടിടങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഗുരുതരമായ ചട്ടലംഘനങ്ങളില്ലാത്ത കെട്ടിടങ്ങൾക്ക് ഉറപ്പ്, സുരക്ഷ എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ പിഴ ഈടാക്കിക്കൊണ്ട് ക്രമവത്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുൻസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;എന്നുവരെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങളാണ് ഇപ്രകാരം സാധൂകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ; | (ബി) | ഉണ്ട്. 31/07/2017 വരെയുള്ള പ്രസ്തുത കെട്ടിടങ്ങൾ പിഴ ഈടാക്കി സാധൂകരിയ്ക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 407-)o വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 235 എബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) | സുരക്ഷാ മാനദണ്ഡങ്ങൾ പോലും ലംഘിച്ച് നിർമ്മിച്ചിട്ടുള്ള ഇത്തരം കെട്ടിടങ്ങളെ പിഴയീടാക്കി സാധൂകരിക്കുന്നത് നിയമലംഘകർക്ക് പ്രോത്സാഹനം നൽകുകയില്ലേയെന്ന് വ്യക്തമാക്കുമോ; | (സി) | സുരക്ഷ, ഉറപ്പ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെയാണ് അനധികൃത കെട്ടിട നിർമ്മാണങ്ങൾ സാധൂകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിർമ്മാണം നടക്കുന്ന വേളയിൽ തന്നെ കണ്ടെത്തുന്നതിനും, ഉടമസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ? | (ഡി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് എതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്/ കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ